**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3387** **08-10-2025 - ൽ മറുപടിയ്ക്ക്**

**പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനായി ഒരു ഏകീകൃത പാഠ്യപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് മതിയായ പ്രാധാന്യം നല്കാതെ അവഗണിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ഈ മേഖലയിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ എപ്രകാരമാണെന്ന് വിശദമാക്കുമോ; | (എ) | ഇല്ല. നിലവിൽ പ്രീ പ്രൈമറി വിഭാഗത്തിലെ ജീവനക്കാരെ നിയമിക്കുന്നതിന് നിശ്ചിത യോഗ്യത 01/06/2013 ലെ സ.ഉ(കൈ) നം. 180/2013/ പൊവിവ നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രീ-പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകരായി നിയമിക്കപ്പെടുവാനുള്ള യോഗ്യത പത്താം ക്ലാസ് വിജയവും സർക്കാർ അംഗീകൃത പി.പി.റ്റി.റ്റി.ഐ ൽ നിന്നുമുള്ള വിജയകരമായ പരിശീലനം അല്ലെങ്കിൽ 2012-13 വരെയുള്ള ഒരു വർഷത്തെ ബാലസേവിക ട്രെയിനിംഗ് കോഴ്സ്/ ചൈൽഡ് കെയർ വർക്കേഴ്സ് പ്രോഗ്രാമും 2013-14 മുതലുള്ള രണ്ട് വർഷത്തെ ചൈൽഡ് കെയർ വർക്കേഴ്സ് പ്രോഗ്രാമും ആണ്.<br><br>07.09.2017 ലെ സ.ഉ(കൈ) നം. 110/2017/ പൊ.വി.വ ഉത്തരവ് പ്രകാരം, പ്രീ-പ്രൈമറി അധ്യാപികമാർക്കും ആയമാർക്കും ഒരു വർഷത്തിൽ 15 ആകസ്മിക അവധിയും, ഓണറേറിയത്തോടു കൂടി 6 മാസം പ്രസവ അവധിയും, കൂടാതെ ക്യാൻസർ പോലെയുള്ള മാരകരോഗം ബാധിച്ചവരുടെ കാര്യത്തിൽ സ്പെഷ്യൽ കാഷ്വൽ ലീവിന്റെ വ്യവസ്ഥകൾകൾക്കനുസരിച്ച് ഓണറേറിയത്തോടു കൂടിയുള്ള അവധിയും അനുവദിച്ചിട്ടുണ്ട്.<br><br>സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ നടത്തുന്ന പ്രീ-പ്രൈമറി വിഭാഗത്തിലെ യോഗ്യരായ അധ്യാപകർക്കും ആയമാർക്കും സർക്കാർ നിലവിൽ ഓണറേറിയം നൽകുകയും ആയത് കാലോചിതമായി വർദ്ധിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. ടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിജപ്പെടുത്തുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 03.02.2021 തീയതിയിലെ സ.ഉ (സാധാ) നം. 1047/2021/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം, 10 വർഷത്തിന് മുകളിൽ സേവന കാലയളവുള്ള പ്രീ-പ്രൈമറി അധ്യാപകർക്കും, ആയമാർക്കും പ്രതിമാസം യഥാക്രമം 12500/- രൂപ, 7500/- രൂപ നിരക്കിലും 10 വർഷത്തിന് താഴെ സേവന കാലയളവുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും, ആയമാർക്കും പ്രതിമാസം യഥാക്രമം 12,000/- രൂപ, 7000 രൂപ നിരക്കിലും ഓണറേറിയം അനുവദിച്ചു വരുന്നു. |
| (ബി) | ഒരു ഏകീകൃതമായ പാഠ്യപദ്ധതി പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനായി രൂപീകരിച്ച് അദ്ധ്യാപകർക്ക് സമയബന്ധിതമായി പരിശീലന ക്ലാസുകൾ നൽകുന്നതിനും ഈ മേഖലയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (ബി) | നിലവിൽ അംഗീകാരമുള്ള എല്ലാ സർക്കാർ പ്രീ-പ്രൈമറി വിദ്യാലയങ്ങളിലും ഏകീകൃതമായ പാഠ്യപദ്ധതി അനുസരിച്ചാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി ജീവനക്കാർക്ക് സംസ്ഥാന തലത്തിൽ നാലു സോണുകളിലായി SRG പരിശീലനം നൽകിയിട്ടുണ്ട്. തുടർന്ന് ജില്ലാ തലത്തിൽ പരിശീലനം നടത്തി വരുന്നു. വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലുള്ള അംഗനവാടികളിൽ കൂടി ഇതേ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനു തീരുമാനിക്കുകയും SCERT യുമായി ചേർന്ന് വനിതാ ശിശു വികസന വകുപ്പ് നടപടികൾ സ്വീകരിക്കുന്നുമുണ്ട്. |
| (സി) | ഈ മേഖലയിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ നടത്തുന്ന പ്രീ-പ്രൈമറി വിഭാഗത്തിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിജപ്പെടുത്തുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. നിലവിൽ 51 സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി വിഭാഗങ്ങളിൽ നിയമനം PSC മുഖേനയാണ് നടത്തുന്നത്. |
| (ഡി) | സംസ്ഥാനത്തെ ഗവ. സ്കൂളുകളിലെ പ്രീപ്രൈമറി അദ്ധ്യാപകരുടെ നിയമനം പി. എസ്. സി. യ്ക്ക് വിടുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ നടത്തുന്ന പ്രീ-പ്രൈമറി വിഭാഗത്തിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിജപ്പെടുത്തുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. നിലവിൽ 51 സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി വിഭാഗങ്ങളിൽ നിയമനം PSC മുഖേനയാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ